**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 895** **10-06-2021 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടന്നുവരുന്ന പ്രധാനപ്പെട്ട പുതിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | തിരൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. 5 കോടി കിഫ്ബി പദ്ധതി - കൽപ്പകഞ്ചേരി ഗവൺമെന്റ് എച്ച്.എസ്.എസിന്റെ നിർമ്മാണ പ്രവർത്തനം കൈറ്റിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നിർമ്മാണ പ്രവർത്തനം അവസാനഘട്ടത്തിലാണ്. 3 കോടി കിഫ്ബി ഫണ്ട് - ജി.ബി.എച്ച്.എസ്.എസ് തിരൂർ, ജി.എം.യു.പി.എസ് തിരൂർ, ജി.വി.എച്ച്.എസ്.എസ് പറവണ്ണ, ഗവൺമെന്റ് വി.എച്ച്.എസ്.എസ് ഫോർ ഗേൾസ് തിരൂർ. ജി.ബി.എച്ച്.എസ്.എസ് ഏഴൂർ - എന്നീ സ്കൂളുകളുടെ ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ജി.എച്ച്.എസ്.ആദവനാട്, ജി.എച്ച്.എസ്.എസ് ആദവനാട് - ഡി.പി.ആർ തയ്യാറാക്കി വരുന്നു. ജി.എം.എച്ച്.എസ് കരിപ്പോൾ - നിർമ്മാണം നടന്നു വരുന്നു. 60% ത്തോളം നിർമ്മാണം പൂർത്തിയായി. 1 കോടി കിഫ്ബി പദ്ധതി - ജി.എം.യു.പി.എസ് പറവണ്ണ – സ്കൂളിന്റെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ പരിഗണനയിലാണ്. ജി.എം.യു.പി.എസ് ബി.പി അങ്ങാടി - ഡി.പി.ആർ കിഫ്ബി അംഗീകരിച്ച് നൽകിയിട്ടുണ്ട്. പ്ലാൻ ഫണ്ടുപയോഗിച്ച് ജി.എം.യു.പി.എസ് ബി.പി അങ്ങാടിയിൽ നടക്കുന്ന കെട്ടിട നിർമ്മാണം അവസാനഘട്ടത്തിലാണ്. |
| (ബി) | മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങളുടെ നിലവിലെ അവസ്ഥയെയും അക്കാദമിക നിലവാരത്തെയും സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയും പ്ലാൻ ഫണ്ടിലുൾപ്പെടുത്തിയും മണ്ഡലത്തിലെ പൊതു വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രൈമറി, ഹൈസ്കൂൾ മേഖലയിൽ കഴിഞ്ഞ വർഷം ഓൺലൈൻ ക്ലാസ്സുകൾക്ക് സംസ്ഥാനത്തിന് തന്നെ മാതൃക ആയ വർക്ക് |

| | | | |
|---|---|---|---|
| | | | ഷീറ്റുകൾ, ആഗ്മെന്റഡ് റിയാലിറ്റി സംവിധാനം വരെ ഉപയോഗിച്ച വീഡിയോ ക്ലിപ്പുകൾ എന്നിവ നൽകിയുള്ള പഠന പിന്തുണ ഉറപ്പാക്കി . കഴിഞ്ഞ വർഷം ഫിസിക്കൽ സയൻസ്, അറബിക് മുതലായ അദ്ധ്യാപകർ തീരെ ഇല്ലാതിരുന്ന ഹൈസ്കൂളുകളിൽ ബി.എഡ് അദ്ധ്യാപക വിദ്യാർത്ഥികളെയും സി.ആർ.സി.സി മാരെയും ഓൺലൈൻ ക്ലാസിൽ വിന്യസിച്ചു പഠന പിന്തുണാ സംവിധാനം ഉറപ്പാക്കിയിരുന്നു. 10-ാം തരത്തിലെ കുട്ടികൾക്ക് കഴിഞ്ഞ വർഷം സർക്കാർ മോഡൽ പരീക്ഷയ്ക്ക് പുറമേ 5 സെറ്റ് പൊതു പരീക്ഷ മോഡൽ ചോദ്യ പേപ്പർ എച്ച്.എം ഫോറം ആഭിമുഖ്യത്തിൽ നടത്തി കുട്ടികളെ എസ്.എസ്.എൽ.സി ക്ക് ആത്മവിശ്വാസത്തോടെ തയ്യാറെടുപ്പിച്ചു. 8-ാം ക്ലാസ്സിലെ എൻ.എം.എം.എസ് പരീക്ഷയ്ക്ക് വിദ്യാലയങ്ങൾ തയ്യാറെടുപ്പ് നടത്തി കുട്ടികളെ പങ്കെടുപ്പിച്ച് വിജയശതമാനം ഉയർത്തി. പ്രൈമറിയിൽ എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകൾ കോവിഡ് സാഹചര്യത്തിൽ നടത്താൻ കഴിഞ്ഞില്ല എങ്കിലും പരിശീലനം കുട്ടികൾക്ക് അക്കാദമിക് ഉണർവ് നൽകി. അക്കാദമിക കാര്യങ്ങളിൽ കൃത്യമായ മോണിറ്ററിംഗ് നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസ ജില്ലാ തലത്തിൽ എസ്.ആർ.ജി, അദ്ധ്യാപക വിഷയ ഗ്രൂപ്പുകൾ എന്നിവ പുന:സംഘടിപ്പിച്ചു സജീവമായി പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ